**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 910** **06-02-2023 - ൽ മറുപടിയ്ക്ക്**

**ശബരിമലയിൽ ടെന്റർ നടപടികൾ ആരംഭിക്കാനുണ്ടായ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ശബരിമലയിൽ ഇക്കഴിഞ്ഞ മണ്ഡലകാല ആവശ്യങ്ങൾക്കുള്ള സാധനങ്ങൾ വാങ്ങുന്നതിന് ടെന്റർ നടപടികൾ ആരംഭിച്ചത് എന്നാണ്; വിശദാംശം നൽകുമോ; | (എ) | ഇക്കഴിഞ്ഞ മണ്ഡലകാല ആവശ്യങ്ങൾക്കുള്ള സാധനങ്ങൾ വാങ്ങുന്നതിനുള്ള ടെന്റർ നടപടികൾ 2022 ജൂൺ, ജൂലൈ മാസങ്ങളിൽ ആരംഭിച്ചിട്ടുള്ളതും ആദ്യ ഇ. ടെന്റർ 2022 ജൂലൈ മാസം ആറാം തീയതി നടന്നിട്ടുള്ളതുമാണ്. |
| (ബി) | ടെന്റർ നടപടികൾ ആരംഭിക്കാൻ കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ടെന്റർ നടപടികൾ ആരംഭിക്കാൻ കാലതാമസം നേരിട്ടിട്ടില്ല. |
| (സി) | ടെന്റർ നടപടികൾ ആരംഭിക്കാൻ വൈകിയത് മൂലം ഏലയ്ക്ക ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി വിലയിരുത്തുന്നുണ്ടോ; ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ഏലയ്ക്ക ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി വിലയിരുത്താനാകില്ല. ഫുഡ് സേഫ്റ്റി പരിശോധനയിൽ മൂന്ന് തവണ ഏലക്ക ഭക്ഷ്യയോഗ്യമല്ലെന്ന് കണ്ടെത്തിയതിനാൽ നാലാമതായി ക്വട്ടേഷൻ ക്ഷണിച്ച് പമ്പ ലാബിൽ പരിശോധന നടത്തി തൃപ്തികരം എന്ന് റിപ്പോർട്ട് ലഭിച്ച ശേഷമാണ് ഏലയ്ക്ക അരവണ നിർമ്മാണത്തിനായി ഉപയോഗിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ